## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1284 — 04/12/2014 ൽ മറുപടിയ്ക്ക്

# ഭൂമികേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂമികേരളം പദ്ധതി നടപ്പാക്കുന്നതിന് രൂപീകരിച്ച കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നാളിതുവരെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും കൂടാതെ എത്ര രൂപ ചെലവഴിച്ചു; | (എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനത്തിനായി 30/10/14-വരെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും കൂടാതെ റീസർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 5.55 കോടി രൂപയും എൻ.എൽ.ആർ.എം.പി. പദ്ധതിയ്ക്കായി 13.19 കോടി രൂപയും വനാവകാശ സർവ്വേയ്ക്കായി 1.33 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം പദ്ധതി നടപ്പാക്കാനാണ് മിഷനെ ചുമതലപ്പെടുത്തിയത്; ഓരോ പദ്ധതിയും എന്നു തുടങ്ങി എന്ന് അവസാനിപ്പിക്കണം എന്നാണ് നിർദ്ദേശം നൽകിയതെന്നും ഓരോ പദ്ധതിയ്ക്കും എത്ര രൂപാ വകയിരുത്തിയെന്നും വ്യക്തമാക്കാമോ; | (ബി) താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാനാണ് മിഷനെ ചുമതലപ്പെടുത്തിയിരുന്നത്.<br>1. സംസ്ഥാനത്തിന്റെ റീസർവ്വേ 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുക.<br>2. സർക്കാർ ഭൂമികളുടെ റിക്കാർഡുകൾ നാളതീകരിക്കുക.<br>3. ഏകദേശം 27,000 ഹെക്ടറുള്ള ഭൂമി ആദിവാസികൾക്ക് നൽകുന്നതിനുള്ള സർവെ റിക്കാർഡുകൾ തയ്യാറാക്കുക.<br>4. എൻ.എൽ.ആർ.എം.പി. സ്കീമിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ സർവ്വേ പൂർത്തിയാക്കുക.<br>5. ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശ ഭൂമി അളന്നു തിട്ടപ്പെടുത്തി അധികമായി കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിസ്തൃതി കണ്ടെത്തുക.<br>6. പൊതു കാര്യങ്ങൾക്കായുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്നതുമായ പ്രത്യേക പദ്ധതികളുടെ സർവ്വേ ജോലികൾ ചെയ്യുക.<br>മുകളിൽ പറഞ്ഞിരിക്കുന്നവയിൽ 2 മുതൽ 6 വരെയുള്ള പദ്ധതികൾക്ക് പ്രത്യേക സമയ |

പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല.
റീസർവ്വേയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 5.55 കോടി രൂപയും ആദിവാസിഭൂമി സർവ്വെ പ്രവർത്തനങ്ങൾക്കായി 1,86,68,143/- രൂപയും NLRMP പ്രവർത്തനങ്ങൾക്കായി ആകെ 39,69,51,243/- രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) അനുവദിച്ച തുകയിൽ 2014 ഒക്ടോബർ വരെ എത്ര രൂപ ഏതെല്ലാം പദ്ധതികൾക്ക് ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) റീസർവ്വെയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 5.55 കോടി രൂപയിൽ 4.08 കോടി രൂപ ചെലവഴിച്ചു. ആദിവാസി ഭൂമി സംബന്ധമായ സർവ്വെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 1,86,68,143/- രൂപയിൽ 1,33,29,793/- രൂപ ചെലവഴിച്ചു. NLRMP പദ്ധതിയ്ക്കായി അനുവദിച്ച 39.70 കോടി രൂപയിൽ 13.19 കോടി രൂപ ചെലവഴിച്ചു.

(ഡി) ഇതിൽ എത്ര പദ്ധതികളുടെ എത്ര രൂപ വകമാറ്റി ചെലവഴിച്ചുവെന്നു വ്യക്തമാക്കാമോ?

(ഡി) മിഷന്റെ റീസർവ്വെയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നൽകിയിരുന്ന 5.55 കോടി രൂപയിൽ 1,44,971/- രൂപ ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശം വച്ചിരിക്കുന്ന ഭൂമി കണ്ടെത്തുന്നതിനായുള്ള സർവ്വെ സംബന്ധമായുള്ള ചെലവുകൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ